


Sunday
Vol. 14 No. 06 CYCLE - C
വെർബും ദോമിനി
VERBUM DOMINI
ഞായറാഴ്ച ദിവ്യബലിയിലെ സജീവ പങ്കാളിത്തത്തിന് സഹായിക്കുന്ന ലഘുലേഖ
2024 ഡിസംബർ 29

# തിരുക്കുടുംബത്തിന്റെ തിരുനാൾ

## ദൈവത്തെ തിരയുന്ന ഇടങ്ങൾ

ഫാ. തോമസ് കളത്തിൽ



**വി**ശുദ്ധവാര ശുശ്രൂഷകൾക്ക് വളരെ പ്രശസ്തമായ ഒരു ഇടവക ദേവാലയത്തിന്റെ പുത്രനായതിനാൽ വിശാലമായ പള്ളിമുറ്റവും, എണ്ണിയാലൊടുങ്ങാത്ത ജനക്കൂട്ടവും ചെറുപ്പത്തിൽ തന്നെ ഒത്തിരി സന്തോഷം നൽകുന്ന ഒന്നായിരുന്നെങ്കിലും മനസ്സിൽ ഒരു ഭയവുമായാണ് അത്തരം ചടങ്ങുകളിൽ പങ്കെടുത്തിരുന്നത്. കൂട്ടം തെറ്റുമോ എന്ന ഭയം. ഇന്നത്തെ പോലെ മൊബൈൽ ഇല്ലാതിരുന്നതുകൊണ്ട് ആ അവസരങ്ങളിൽ കൂട്ടം തെറ്റിയാൽ വീണ്ടും കണ്ടുമുട്ടാനുള്ള ഒരു സ്ഥലം പറഞ്ഞുവയ്ക്കുമായിരുന്നുവെങ്കിലും അങ്ങനെ സംഭവിക്കാതിരിക്കാൻ ശ്രദ്ധിച്ചിരുന്നു.

യേശു കൂട്ടം തെറ്റി പോയതാണ് ഇന്ന് നമ്മൾ കേൾക്കുന്നതെങ്കിലും, യേശുവിനെക്കാളും കൂടുതൽ വേദനയനുഭവിക്കുന്നത് അവന്റെ മാതാപിതാക്കളാണ്. കാരണം അവൻ അവർക്ക് വളരെ വിലപ്പെട്ടവനായിരുന്നു. അവൻ മാത്രമല്ല ഏതൊരു കുട്ടിയും മാതാപിതാക്കളെ സംബന്ധിച്ചിടത്തോളം വിലപ്പെട്ടവർ തന്നെയാണ്. അങ്ങനെ വേദനിച്ചു കഴിയുന്ന നിരവധി മാതാപിതാക്കൾ നമുക്കു ചുറ്റുമുണ്ട്.

നഷ്ടപ്പെട്ട, തന്നിൽ നിന്നും അകന്നുപോയ മനുഷ്യരെ ദൈവം തിരയുന്നതാണല്ലോ ബൈബിളിന്റെ തുടക്കത്തിൽ തന്നെ നാം കാണുന്നത്. അപ്പോൾ ദൈവത്തിനും വേദനിച്ചിട്ടുണ്ടാകണം. ആദാമിനോടും, ഹവ്വായോടും "നീ എവിടെ?" എന്ന് ദൈവം ചോദിക്കുമ്പോൾ അവർ ഒളിച്ചിരുന്ന സ്ഥലം അന്വേഷിക്കുക മാത്രമായിരുന്നില്ല അവൻ ചെയ്യുന്നത്. അതുവഴി മനുഷ്യന് ദൈവവുമായുള്ള ബന്ധത്തിന്റെ ആവശ്യകതയെയും ദൈവം നമ്മെ ഓർമ്മിപ്പിക്കുന്നു. കാരണം ദൈവത്തിന് നമ്മോടുള്ള ബന്ധം അത്ര പ്രിയമുള്ളതാണ്. അതുപോലെതന്നെ നമുക്ക് ദൈവത്തോടുള്ള ബന്ധം എപ്രകാരമാണെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു, തിരയേണ്ടിയിരിക്കുന്നു.

ദൈവപുത്രനായ യേശുവിനെ തിരയുന്ന പലരെയും തിരുപ്പിറവിക്കാലത്തു നാം കാണുന്നുണ്ട്. അത് ഭൗതികമായ ഒന്നല്ല, തീവ്രമായ ആത്മീയാന്വേഷണത്തിനുള്ള ക്ഷണമാണ്. ജോസഫിന്റെയും, മേരിയുടെയും തിരച്ചിലിലും നാം മനസ്സിലാക്കുന്നത് യേശുവിന്റെ പ്രാധാന്യമാണ്.

എന്താണ് നമുക്ക് പ്രിയപ്പെട്ടത്? എന്താണ് നാം നഷ്ടമാക്കിയത്? എന്താണ് നമ്മൾ തിരയുന്നതും, യഥാർത്ഥത്തിൽ തിരയേണ്ടതും? പ്രിയമുള്ളവരേ, തിരുക്കുടുംബത്തെക്കുറിച്ച് ധ്യാനിക്കുമ്പോൾ ഈ ഒരു 'അന്വേഷണത്തിന്' നാം സമയം കണ്ടെത്തണം.

പല ബന്ധങ്ങളും നമുക്ക് വിലപ്പെട്ടതാണ്. തിരക്കുള്ള ഒരു ലോകത്ത്, നമ്മുടെ ജീവിതത്തെ സമ്പന്നമാക്കുന്നത് നമ്മുടെ ചുറ്റുമുള്ള സ്നേഹമുള്ള മനുഷ്യരല്ലേ? അന്യോന്യം കരുതാനും, സ്നേഹിക്കാനുമാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. വിശുദ്ധ ഗ്രന്ഥത്തിൽ നാം കാണുന്ന അന്വേഷണങ്ങൾപോലെ, നമ്മളും നമ്മുടെ ബന്ധങ്ങളിൽ സജീവമാകാൻ വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ദൈനംദിന ജീവിതത്തിൽ, നമുക്ക് ചുറ്റുമുള്ളവരെ ശ്രദ്ധിക്കാം. നമ്മുടെ സുഹൃത്തുക്കളെയും, കുടുംബാംഗങ്ങളെയും കരുതാൻ നമുക്ക് സമയം കണ്ടെത്താം. ബന്ധങ്ങളെ നമുക്ക് പരിപോഷിപ്പിക്കാം. നമുക്ക് ഏറെ പ്രധാനപ്പെട്ടവരെ ജീവിതമാകുന്ന പള്ളിപ്പറമ്പിലെ തിരക്കിൽ കാണാതെ പോകരുത്.

യേശുവിനെ തിരികെ കാണുമ്പോഴുള്ള രംഗം നമ്മെ ചിന്തിപ്പിക്കുന്നതാണ്: യേശു മുതിർന്നവരെ പഠിപ്പിക്കുകയാണവിടെ!!! കുഞ്ഞുങ്ങളെ പോലെയാവുക, കുഞ്ഞുങ്ങളിൽ നിന്നും പഠിക്കുകയെന്നൊക്കെ യേശു പിന്നീട് പഠിപ്പിക്കുന്നുണ്ടല്ലോ. മാതാപിതാക്കളാവുക എന്നതിനർത്ഥം കുഞ്ഞുങ്ങളെ പഠിപ്പിക്കുക മാത്രമല്ല, അവരോടുകൂടി പഠിക്കുവാനായിട്ടുള്ള ഒരു ക്ഷണം കൂടിയാണത്. അതിന് ക്ഷമയും, എളിമയുമൊക്കെ ആവശ്യമാണ്.

ദൈവത്തെ തിരയുന്ന ഇടങ്ങളും, ദൈവം കൂടെയുള്ള ഇടങ്ങളുമാകണം കുടുംബങ്ങൾ. അപ്പോൾ നമ്മുടെ കുടുംബങ്ങളും തിരുക്കുടുംബമാകും. സ്നേഹവും, വിവേകവും, ഭക്തിയും നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും നിറയട്ടെ. ദൈവം നമ്മെ അന്വേഷിക്കുന്നതുപോലെ കരുതലോടെ, സ്നേഹത്തോടെ അന്യോന്യം കണ്ടെത്തുവാൻ നമുക്ക് കഴിയട്ടെ. നസ്രത്തിലെ തിരുക്കുടുംബത്തിന്റെ മാതൃക നമുക്ക് പ്രചോദനമാകട്ടെ!

## ആമുഖം

പ്രിയമുള്ളവരെ, തിരുസഭ ഇന്ന് തിരുക്കുടുംബത്തിന്റെ തിരുനാൾ ആഘോഷിക്കുകയാണ്. ഒരു കുടുംബം തിരുക്കുടുംബമാകുന്നതെങ്ങനെയെന്ന് ഇന്നത്തെ വായനകൾ നമുക്ക് വ്യക്തമാക്കി തരുന്നുണ്ട്. ഒന്നാം വായനയിൽ മാതാപിതാക്കളെ ബഹുമാനിക്കുന്നവൻ ദൈവം ഒരുക്കിവച്ചിരിക്കുന്ന സൗഭാഗ്യം സ്വന്തമാക്കുമെന്നും, രണ്ടാം വായനയിൽ ക്രിസ്തു ക്ഷമിച്ചതുപോലെ ക്ഷമിക്കുന്നവൻ ദൈവസ്നേഹത്തിൽ നിലനിൽക്കുമെന്നും, മക്കളെ ദൈവത്തിന് സമർപ്പിച്ച് പ്രാർത്ഥിക്കുന്ന മാതാപിതാക്കൾ മക്കളുടെ പ്രവൃത്തികളിൽ വിസ്മയം പൂണ്ട് അഭിമാനത്തോടെ നോക്കിനിൽക്കുമെന്ന് സുവിശേഷവും നമ്മെ ഓർമ്മപ്പെടുത്തുന്നു. അതിനാൽ നമുക്കും യൗസേപ്പിതാവിന്റെയും, മാതാവിന്റെയും, ഉണ്ണിയേശുവിന്റെയും ജീവിതം മാതൃകയാക്കാം. മുൻവിധികളില്ലാതെ, കുറ്റപ്പെടുത്തലുകളില്ലാതെ, പരസ്പരം മനസ്സിലാക്കിയും അംഗീകരിച്ചും, പ്രാർത്ഥനയിലൂടെ ദൈവഹിതം തിരിച്ചറിഞ്ഞ് ജീവിക്കുവാനുള്ള കൃപാവരങ്ങൾക്കായി പ്രാർത്ഥിച്ചുകൊണ്ട് ബലിയർപ്പണത്തിനായി നമുക്കൊരുങ്ങാം.

## ഒന്നാം വായന

### പ്രഭാഷകന്റെ പുസ്തകത്തിൽ നിന്ന് (3 : 2-6, 12-15a)

*(ദൈവത്തെ ഭയപ്പെടുന്നവൻ മാതാപിതാക്കന്മാരെ ബഹുമാനിക്കുന്നു)*

മക്കൾ പിതാവിനെ ബഹുമാനിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു; അവിടുന്ന് പുത്രൻമാരുടെമേൽ അമ്മയ്ക്കുള്ള അവകാശം ഉറപ്പിച്ചിരിക്കുന്നു. പിതാവിനെ ബഹുമാനിക്കുന്നവൻ തൻെറ പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുന്നു. അമ്മയെ മഹത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു. പിതാവിനെ ബഹുമാനിക്കുന്നവനെ അവൻെറ മക്കൾ സന്തോഷിപ്പിക്കും. അവൻെറ പ്രാർഥന കർത്താവ് കേൾക്കും. പിതാവിനെ ബഹുമാനിക്കുന്നവൻ ദീർഘകാലം ജീവിക്കും; കർത്താവിനെ അനുസരിക്കുന്നവൻ തൻെറ അമ്മയെ സന്തോഷിപ്പിക്കുന്നു. മകനേ, പിതാവിനെ വാർദ്ധക്യത്തിൽ സഹായിക്കുക; മരിക്കുന്നതുവരെ അവനു ദുഃഖമുണ്ടാക്കരുത്. അവന് അറിവു കുറവാണെങ്കിലും സഹിഷ്ണുത കാണിക്കുക; നീ എത്ര ബലവാനാണെങ്കിലും അവനെ നിന്ദിക്കരുത്. പിതാവിനോടു കാണിക്കുന്ന കാരുണ്യം വിസ്മരിക്കപ്പെടുകയില്ല; പാപങ്ങളുടെ കടം വീടുന്നതിന് അതുപകരിക്കും. കഷ്ടതയുടെ ദിനത്തിൽ അതു നിനക്കു കാരുണ്യത്തിനായി ഭവിക്കും.

കർത്താവിന്റെ വചനം.

## പ്രതിവചനസങ്കീർത്തനം

**(128: 1-2, 3, 4-5)**

**കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ നടക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ.**

കർത്താവിനെ ഭയപ്പെടുകയും അവിടുത്തെ വഴികളിൽ നടക്കുകയും ചെയ്യുന്നവൻ ഭാഗ്യവാൻ. നിൻെറ അധ്വാനഫലം നീ അനുഭവിക്കും; നീ സന്തുഷ്ടനായിരിക്കും; നിനക്കു നൻമ വരും.

**കർത്താവിനെ......**

നിൻെറ ഭാര്യ ഭവനത്തിൽ ഫലസമൃദ്ധമായ മുന്തിരിപോലെയായിരിക്കും; നിൻെറ മക്കൾ നിൻെറ മേശയ്ക്കുചുറ്റും ഒലിവുതൈകൾപോലെയും.

**കർത്താവിനെ......**

കർത്താവിൻെറ ഭക്തൻ ഇപ്രകാരം അനുഗൃഹീതനാകും. കർത്താവു സീയോനിൽനിന്നു നിന്നെ അനുഗ്രഹിക്കട്ടെ! നിൻെറ ആയുഷ്കാലമത്രയും നീ ജറുസലെമിൻെറ ഐശ്വര്യം കാണും.

**കർത്താവിനെ......**

## രണ്ടാം വായന

### വി. പൗലോസ് അപ്പസ്തോലൻ കൊളോസോസുകാർക്ക് എഴുതിയ ലേഖനത്തിൽനിന്ന് (3 : 12-21)

*(കർത്താവിലുള്ള കുടുംബജീവിതം)*

സഹോദരരേ, ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ടവരും വാത്സല്യഭാജനങ്ങളും പരിശുദ്ധരുമെന്ന നിലയിൽ നിങ്ങൾ കാരുണ്യം, ദയ, വിനയം, സൗമ്യത, ക്ഷമ എന്നിവ ധരിക്കുവിൻ. ഒരാൾക്കു മറ്റൊരാളോടു പരിഭവമുണ്ടായാൽ പരസ്പരം ക്ഷമിച്ചു സഹിഷ്ണുതയോടെ വർത്തിക്കുവിൻ. കർത്താവ് നിങ്ങളോടു ക്ഷമിച്ചതുപോലെതന്നെ നിങ്ങളും ക്ഷമിക്കണം. സർവ്വോപരി, എല്ലാറ്റിനെയും കൂട്ടിയിണക്കി പരിപൂർണമായ ഐക്യത്തിൽ ബന്ധിക്കുന്ന സ്നേഹം പരിശീലിക്കുവിൻ. ക്രിസ്തുവിൻെറ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ! ഈ സമാധാനത്തിലേക്കാണ് നിങ്ങൾ ഏകശരീരമായി വിളിക്കപ്പെട്ടത്. അതിനാൽ, നിങ്ങൾ കൃതജ്ഞതാനിർഭരരായിരിക്കുവിൻ. പരസ്പരം പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുമ്പോഴും, കൃതജ്ഞത നിറഞ്ഞ ഹൃദയത്തോടെ, ദൈവത്തിനു സങ്കീർത്തനങ്ങളും ഗാനങ്ങളും ആത്മീയഗീതങ്ങളും പാടുമ്പോഴും ക്രിസ്തുവിൻെറ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ! നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തു ചെയ്താലും അതെല്ലാം കർത്താവായ യേശു വഴി പിതാവായ ദൈവത്തിനു കൃതജ്ഞതയർപ്പിച്ചുകൊണ്ട് അവൻെറ നാമത്തിൽ ചെയ്യുവിൻ.

ഭാര്യമാരേ, നിങ്ങൾ കർത്താവിനു യോഗ്യമാംവിധം ഭർത്താക്കൻമാർക്കു വിധേയരായിരിക്കുവിൻ. ഭർത്താക്കൻമാരേ, നിങ്ങൾ ഭാര്യമാരെ സ്നേഹിക്കുവിൻ. അവരോടു നിർദയമായി പെരുമാറരുത്. കുട്ടികളേ, എല്ലാ കാര്യങ്ങളിലും നിങ്ങളുടെ മാതാപിതാക്കൻമാരെ അനുസരിക്കുവിൻ. ഇതു കർത്താവിനു പ്രീതികരമത്രേ. പിതാക്കൻമാരേ, നിങ്ങളുടെ കുട്ടികളെ പ്രകോപിപ്പി

ക്കരുത്. പ്രകോപിപ്പിച്ചാൽ അവർ നിരുൻമേഷരാകും.

കർത്താവിന്റെ വചനം.

## അല്ലേലൂയാ!

**അല്ലേലൂയാ!** (Col. 3: 15a + 16b) ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ! ക്രിസ്തുവിന്റെ വചനം നിങ്ങളിൽ സമൃദ്ധമായി വസിക്കട്ടെ - അല്ലേലൂയാ!

## സുവിശേഷം

### ലൂക്കായുടെ വിശുദ്ധ സുവിശേഷത്തിൽനിന്നുള്ള വായന (2 : 41-52)

*(മാതാപിതാക്കന്മാർ യേശുവിനെ ഉപാധ്യായന്മാരുടെ ഇടയിൽ കണ്ടെത്തി)*

യേശുവിൻെറ മാതാപിതാക്കൻമാർ ആണ്ടുതോറും പെസഹാത്തിരുനാളിന് ജറുസലെമിൽ പോയിരുന്നു. അവനു പന്ത്രണ്ടു വയസ്സായപ്പോൾ പതിവനുസരിച്ച് അവർ തിരുനാളിനു പോയി. തിരുനാൾ കഴിഞ്ഞ് അവർ മടങ്ങിപ്പോന്നു. എന്നാൽ ബാലനായ യേശു ജറുസലെമിൽ തങ്ങി; മാതാപിതാക്കന്മാർ അത് അറിഞ്ഞില്ല. അവൻ യാത്രാസംഘത്തിൻെറ കൂടെ കാണും എന്നു വിചാരിച്ച് അവർ ഒരു ദിവസത്തെ വഴി പിന്നിട്ടു. ബന്ധുക്കളുടെയും പരിചയക്കാരുടെയും ഇടയിൽ അന്വേഷിച്ചിട്ടു കാണായ്കയാൽ, യേശുവിനെത്തിരക്കി അവർ ജറുസലെമിലേക്കു തിരിച്ചുപോയി. മൂന്നു ദിവസങ്ങൾക്കുശേഷം അവർ അവനെ ദേവാലയത്തിൽ കണ്ടെത്തി. അവൻ ഉപാധ്യായൻമാരുടെ ഇടയിലിരുന്ന്, അവർ പറയുന്നതു കേൾക്കുകയും അവരോടു ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യുകയായിരുന്നു. കേട്ടവരെല്ലാം അവൻെറ ബുദ്ധിശക്തിയിലും മറുപടികളിലും അദ്ഭുതപ്പെട്ടു. അവനെക്കണ്ടപ്പോൾ മാതാപിതാക്കൾ വിസ്മയിച്ചു. അവൻെറ അമ്മ അവനോടു പറഞ്ഞു: മകനേ, നീ ഞങ്ങളോട് ഇങ്ങനെ ചെയ്തതെന്ത്? നിൻെറ പിതാവും ഞാനും ഉത്കണ്ഠയോടെ നിന്നെ അന്വേഷിക്കുകയായിരുന്നു. അവൻ അവരോടു ചോദിച്ചു: നിങ്ങൾ എന്തിനാണ് എന്നെ അന്വേഷിച്ചത്? ഞാൻ എൻെറ പിതാവിൻെറ കാര്യങ്ങളിൽ വ്യാപൃതനായിരിക്കേണ്ടതാണെന്ന് നിങ്ങൾ അറിയുന്നില്ലേ? അവൻ തങ്ങളോടു പറഞ്ഞതെന്തെന്ന് അവർ ഗ്രഹിച്ചില്ല. പിന്നെ അവൻ അവരോടൊപ്പം പുറപ്പെട്ട് നസറത്തിൽ വന്ന്, അവർക്ക് വിധേയനായി ജീവിച്ചു. അവൻെറ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു. യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിൻെറയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു.

കർത്താവിന്റെ സുവിശേഷം.

## വിശ്വാസികളുടെ പ്രാർത്ഥന

**കാർമ്മികൻ** : പ്രിയ സഹോദരരേ, തിരുക്കുടുംബത്തിന്റെ തിരുനാൾ ആഘോഷിക്കുന്ന നമുക്ക് എല്ലാ കുടുംബങ്ങളെയും പരമപിതാവിന്റെ മുമ്പിൽ സമർപ്പിച്ച് നമ്മുടെ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കാം.

1. സ്നേഹ പിതാവേ, തിരുസഭയാകുന്ന കുടുംബത്തിന്റെ നാഥനായി അങ്ങു തെരഞ്ഞെടുത്ത പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പയെയും, ഞങ്ങളുടെ രൂപതാദ്ധ്യക്ഷനെയും, മറ്റെല്ലാ സഭാപാലകരെയും അനുഗ്രഹിക്കണമെ. തങ്ങളുടെ ജീവിത വിശുദ്ധിയും, സേവനവും വഴി ലോകം മുഴുവനിലുമുള്ള വിശ്വാസികൾക്കും മാർഗ്ഗദീപമായി പ്രശോഭിക്കുവാൻ വേണ്ട കൃപാവരങ്ങളാൽ ഇവരെ പൂരിതരാക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

2. സ്നേഹ സ്വരൂപനായ ദൈവമേ, തിരുക്കുടുംബത്തിന്റെ തിരുനാൾ ആഘോഷിക്കുന്ന ഈ പുണ്യദിനത്തിൽ എല്ലാ കുടുംബങ്ങളെയും സമർപ്പിക്കുന്നു. നസ്രത്തിലെ തിരുക്കുടുംബത്തെ പോലെ മാതാപിതാക്കളും മക്കളും വിശ്വാസത്തിലും സഹകരണത്തിലും പരസ്പര സ്നേഹത്തിലും അഭിവൃദ്ധി പ്രാപിച്ച്, ഐക്യത്തോടെ പ്രാർത്ഥനാ ചൈതന്യത്തിൽ നിലനിൽക്കുവാൻ ഓരോ കുടുംബങ്ങളെയും അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

3. സ്നേഹ നാഥാ, അങ്ങയുടെ സൃഷ്ടികർമ്മത്തിൽ പങ്കാളികളാകുവാൻ അങ്ങ് തെരഞ്ഞെടുത്ത എല്ലാ ദമ്പതിമാരെയും അനുഗ്രഹിക്കണമെ. ആധുനികതയുടെ പുറംപൂച്ചുകളിൽ മയങ്ങി തെറ്റായ ബന്ധങ്ങളിൽ ചെന്ന് ചാടാതെ, പരസ്പരം സ്നേഹത്തോടും, വിശ്വസ്തതയോടും, അർപ്പണമനോഭാവത്തോടും കൂടെ വർത്തിച്ചുകൊണ്ട് അങ്ങേ ദാനമായ മക്കളെ വിശ്വാസപാതയിൽ വളർത്തുവാൻ വേണ്ട കൃപ ഇവർക്ക് നൽകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

4. സർവ്വശക്തനായ ദൈവമേ, ഈ ബലിയിൽ പങ്കുചേരുന്ന ഞങ്ങളെ ഓരോരുത്തരെയും അങ്ങേ സ്നേഹവലയത്തിൽ കാത്തുസംരക്ഷിക്കണമെ. ഈ ഒരു വർഷക്കാലം അങ്ങ് ഞങ്ങൾക്ക് നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും ഞങ്ങൾ നന്ദി പറയുന്നു. കടന്നു വരാൻ പോകുന്ന പുതുവർഷത്തിലും അനുഗ്രഹദായകമായ ജീവിതം നയിച്ചുകൊണ്ട്, അങ്ങയുടെ സ്നേഹവും, പരിപാലനയും കൂടുതൽ ആഴത്തിൽ അനുഭവിക്കാൻ ഞങ്ങളെ അനുഗ്രഹിക്കണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

5. കാരുണ്യവാനായ ദൈവമെ, അങ്ങേ സമാധാനത്തിൽ നിദ്ര പ്രാപിച്ച ഞങ്ങളുടെ പ്രിയപ്പെട്ട മാതാപിതാക്കൾ, സഹോദരങ്ങൾ, ബന്ധുമിത്രാദികൾ എന്നിവരുടെമേൽ കരുണ തോന്നണമെ. അങ്ങേ തിരുക്കുമാരന്റെ തിരുരക്തത്താൽ ഇവരുടെ പാപക്കറകളെല്ലാം കഴുകിക്കളഞ്ഞ്, അങ്ങ് വാഗ്ദാനം ചെയ്ത സ്വർഗ്ഗരാജ്യത്തിലേക്ക് ഇവരെയും പ്രവേശിപ്പിക്കുവാൻ കനിവുണ്ടാകണമെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കാർമ്മികൻ** : ദൈവമേ, ഉണ്ണി യേശുവും, പരിശുദ്ധ കന്യകാമറിയവും, വി. യൗസേപ്പിതാവും നൽകിയ പുണ്യ മാതൃക പിന്തുടരുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ. ഞങ്ങളുടെ കുടുംബങ്ങളിൽ അങ്ങേ ദിവ്യസാന്നിധ്യം എന്നും നിറഞ്ഞു നിൽക്കണമെ.

ഞങ്ങളുടെ കർത്താവായ........

തയ്യാറാക്കിയത് : സി. മെറ്റിൽഡ O. H. F. S.

ഗാനങ്ങൾ തെരഞ്ഞെടുത്തത്: സി. ഹെലീന ആൽബി A. S. A.

## പ്രവേശന ഗാനം

ഈ ഭൂമിയിൽ സ്വർഗ്ഗം തീർത്തിടുവാനായ്
ആ തിരുക്കുടുംബം പോലെ
നവമൊരു കുടുംബം തീർക്കുക നീ (2)
സ്വർഗ്ഗസ്ഥിതനാം പിതാവിനോട്
നിറമിഴിയോടെ കേഴുന്നു (2) (ഈ ഭൂമിയിൽ.....)

കാണപ്പെടുന്ന ദൈവങ്ങളല്ലോ
മാതാപിതാക്കൾ നിങ്ങൾ
ത്യാഗത്തിന്റെ പ്രതീകവുമായ്
പ്രാർത്ഥന തൻ ശക്തിയുമായ്
ഉത്തമ സന്താനങ്ങൾക്ക്
ജന്മം നൽകുക നിങ്ങൾ (2) (ഈ ഭൂമിയിൽ.....)

## കാഴ്ചവയ്പ് ഗാനം

കാഴ്ച്ചവെയ്പ്പിൻ സമയമിതാ
എല്ലാം സമർപ്പിക്കും വേളയിതാ
നമ്മുടെ രക്ഷയ്ക്കായ് ബലിയായ നാഥന്റെ
കൈകളിലേകുന്ന വേളയിതാ
നമ്മെ സമർപ്പിക്കും സമയമിതാ
(കാഴ്ച്ചവെയ്പ്പിൻ......)

സ്നേഹപൂർവ്വം സമർപ്പിച്ചിടാം
സർവ്വം സമർപ്പിച്ചിടാം
സ്വീകാര്യമായൊരു ബലിയായ് നമ്മെയും
പൂർണ്ണമായ് അർപ്പിച്ചിടാം

സഹനങ്ങളും ദു:ഖഭാരങ്ങളും
ജീവിതത്തിൻ സ്വപ്നങ്ങളും (2)
സ്വന്തമായുള്ളവയെല്ലാം
കർത്താവിൻ കൈകളിലേകാം (2) (സ്നേഹപൂർവ്വം...)

## ദിവ്യകാരുണ്യ ഗാനം

നസ്രത്തിൽ ഉണ്ടൊരു പുണ്യഗേഹം
ദൈവം തിരഞ്ഞെടുത്തൊരു ഭവനം
മറിയവും യൗസേപ്പും തനയനാം യേശുവും
ചേർന്നു നിർമ്മിക്കുന്ന തിരുകുടുംബം
അവിടെയുണ്ട്... ത്യാഗത്തിൻ പരിമളം
അവിടെയുണ്ട്... സ്നേഹത്തിൻ ആർദ്രത

ക്രോവേന്മാർ സ്രാപ്പേൻമാർ
ഒന്നായി സ്വർഗ്ഗത്തിൽ
ദൈവത്തെ പാടി നമിക്കുന്നു
നീയും കുടുംബവും
ആ ദിവ്യഗീതികളാൽ
ഈശോയെ പാടി നമിച്ചിടുവിൻ (2)

ദൈവഹിതത്തിനായ് കാതു തുറന്നെന്നാൽ
ദിവ്യാത്ഭുതം നീ കണ്ടിടും (2)
ദൈവത്തിൽ പൂർണ്ണമായ് ആശ്രയിച്ചെന്നാൽ
ദൈവാത്മാവിനാൽ നയിക്കപ്പെടും (2)
(ക്രോവേന്മാർ.....)

നിന്റെ കുടുംബത്തിൽ ദൈവം നാഥനായെങ്കിൽ
സ്വർഗ്ഗീയ ഭവനമായ് നിൻ ഗൃഹം മാറും (2)
തിരുക്കുടുംബം നിൻ മാതൃകയാക്കിയാൽ
എന്നും നിൻ ഗൃഹം അനുഗ്രഹമാകും (2)
(ക്രോവേന്മാർ.....)

| Dec/ Jan | വിശുദ്ധർ | വായനകൾ |
|---|---|---|
| 30 Mon | St. Anysia | 1 Jn 2: 12-17/ Ps 96: 7-8a. 8b-9. 10/ Lk 2: 36-40 |
| 31 Tue | St. Sylvester | 1 Jn 2: 18-21/ Ps 96: 1-2. 11-12. 13/ Jn 1: 1-18 |
| 01 Wed | Mary the Blessed Virgin | Num 6: 22-27/ Ps 67: 2-3. 5. 6 and 8/ Gal 4: 4-7/ Lk 2: 16-21 |
| 02 Thu | St. Basil the Great | 1 Jn 2: 22-28/ Ps 98: 1. 2-3ab. 3cd-4/ Jn 1: 19-28 |
| 03 Fri | St. Genevieve | 1 Jn 2: 29 -- 3: 6/ Ps 98: 1. 3cd-4. 5-6/ Jn 1: 29-34 |
| 04 Sat | St. Elizabeth Ann Seton | 1 Jn 3: 7-10/ Ps 98: 1. 7-8. 9/ Jn 1: 35-42 |




Sunday
വെർബും ദോമിനിയുടെ
പ്രസിദ്ധീകരണത്തിന് താങ്കളുടെ സഹായം
താഴെക്കാണുന്ന അക്കൗണ്ടിലേക്ക് അയക്കൂ

**Radio Maria Association**
A/c No. 10640200019090
IFSC FDRL0001064
Federal Bank, Aroor


Published by Fr. Rafi Kootumkal for Media Commission, Diocese of Cochin. For Private Circulation only.